മംഗളം 02-07-2018

# റാഫി അഹ്മദ് ക്വിദ്വായ് പുരസ്കാരം

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ) സീനിയർ സയന്റിസ്റ്റും നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസ് ഫെല്ലോയുമായ ഡോ. കാജൽ ചക്രവർത്തിക്ക് ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ) ഇത്തവണത്തെ റാഫി അഹ്മദ് ക്വിദ്വായ് പുരസ്കാരം.

കടൽ പായലിൽ നിന്നും, പ്രമേഹം, സന്ധിവേദന, അമിതവണ്ണം, തൈറോയ്ഡ് തുടങ്ങിയ രോഗങ്ങൾക്കുള്ള ഔഷധോൽപ്പന്നങ്ങൾ വികസിപ്പിച്ചതടക്കമുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം. സമുദ്ര ജൈവസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളാണ് ഡോ. കാജലിന്റെ പ്രവർത്തന മേഖല.

ഈ മേഖലയിലെ അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങൾക്ക് പേറ്റന്റ് നേടിയിട്ടുണ്ട്. ഡോ. കാജൽ ചക്രവർത്തി വികസിപ്പിച്ച ഔഷധോൽപ്പന്നങ്ങളുടെ സാങ്കേതികവിദ്യ വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്നതിന് സി.എം.എഫ്.ആർ.ഐ സ്വകാര്യ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ഓരോ വർഷവും കാർഷിക ഗവേഷണത്തിൽ മികവ് പുലർത്തുന്നവർക്ക് നൽകുന്നതാണ് 5 ലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന ഈ പുരസ്കാരം. ഐ.സി.എ.ആറിന്റെ സ്ഥാപകദിനമായ ജൂലൈ 16ന് ഡൽഹിയിൽ വച്ച് നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോഡി പുരസ്കാരം നൽകും.